20/12

25261/18

DEC 2018



25261

# വകുപ്പുതല കണക്കുപരിശോധനാറിപ്പോർട്ട്

## ബ്ലോക്ക് പട്ടികജാതിവികസന ഓഫീസ്.

## കുന്ദമംഗലം [illegible] കോഴിക്കോട്.

| | |
|---|---|
| പരിശോധനാതീയതി | : 16.07.2018 മുതൽ20.07.2018 വരെ |
| പരിശോധനാകാലയളവ് | :01.04.2014 മുതൽ 31.03.2018 വരെ |
| പരിശോധനാവിഭാഗം | :ഫിനാൻസ്.ഡി ആഡിറ്റ് സെക്ഷൻ |
| പരിശോധനാടീമിൽ പങ്കെടുത്തവർ | :1. കെ.കെ,പ്രസാദ്(സീനിയർ സുപ്രണ്ട് |
| | :2.കെ.കെ.ശ്രീരാജ്.(ക്ളാർക്ക്-ഹ.ഗ്രേഡ്) |

പരിശോധനാ കാലയളവിൽ ജോലിനോക്കിയിരുന്ന ബ്ലോക്ക് പട്ടികജാതിവികസന ഓഫീസർമാർ

| | |
|---|---|
| . 1.ശ്രീ.പി.എം.ദാമോദർ | : 01-04-2014 മുതൽ 29.04.2014 വരെ |
| 2. ശ്രീ.പ്രേംകുമാർ | :30-04-2014 മുതൽ 14-07-2017 വരെ |
| 3.ശ്രീ.മുകേഷ്.പി.എം | : 15-07-2017 മുതൽ 23-07-2017 വരെ |
| 4.ശ്രീ.രവിരാജ്.കെ.വി | :24-07-2017 മുതൽ 18-09-2017 വരെ |
| 5. ശ്രീ.എം.എൻ.ആനന്ദൻ | :19-09-2017 മുതൽ 27-09-2017 വരെ |
| 6. ശ്രീമതി.ശ്രീലത.കെ | :28-09-2017 മുതൽ 18-06-2018 വരെ |
| 7. ശ്രീ.മുകേഷ്.പി.എം | : 19-06-2018 മുതൽ(പരിശോധനാകാലയളവിൽ) |

01.04.2014 മുതൽ 31.03.2018 വരെഫിനാൻസ് ഇ വിഭാഗം നടത്തിയ പരിശോധനാറിപ്പോർട്ട് ചുവടെ ചേർക്കുന്നു.

**ആമുഖം.**

കോഴിക്കോട് ജില്ലയിൽ വളരെയധികംഎസ്.സി കുടുബങ്ങൾ അധിവസിക്കുന്ന ഒരു ബ്ലോക്ക്പഞ്ചായത്താണ് കുന്ദമഗലംബ്ലോക്ക്. 578 ഓളം സങ്കേതങ്ങളിലെ 4451കുടുബങ്ങളിലും ഒറ്റപ്പെട്ട 3482 കുടുബങ്ങളിലുമായി 29149 ഓളം പട്ടികജാതിവിഭാഗം ജനങ്ങൾ അധിവസിക്കുന്നുണ്ട്. ഇതിൽ 14,898 സ്ത്രീകളും,14,251 പുരുഷൻമാരുമാണ്.2016- 17 ലെ സ്റ്റാറ്റസ് റിപ്പോർട്ട്പ്രകാരം 604 ഭൂരഹിത കുടുബങ്ങളും,991 ഓളം ഭവനരഹിത കുടുബങ്ങളും അധിവസിക്കുന്നതായി കാണുന്നു.

പുലയ,പറയ,വേലൻ,കുറവൻ,പരവൻ,മണ്ണാൻ, എന്നീവിഭാഗങ്ങളിൽ ചെറുമൻ,കണക്കൻ,മണ്ണാൻ,വേലൻ എന്നിവർ കൂടുതലായി കണ്ടുവരുന്നു.പട്ടികജാതി സങ്കേതങ്ങളിൽ

25261



സാധാരണ കണ്ടുവരാറുള്ള എല്ലാവിധ അടിസ്ഥാന സാമൂഹ്യ പ്രശനങ്ങളും ഇവിടെയും നിലനിൽക്കുന്നുണ്ട്.അവ പരിഹരിക്കുന്നതിന് മുൻഗണന നൽകുന്ന പ്രവർത്തികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിന് (എസ്.സി.പിഫണ്ട്വിനിയോഗിക്കുന്നതിന് ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രേരണനൽകേണ്ടതാണ്.

ഫീൽഡ് തലപരിശോധന.

ഓഡിറ്റിനോടനുബന്ധിച്ച് ഫീൽഡ് പരിശോധന നടത്തിയതു സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

1.പ്രീ മെട്രിക് ഹോസ്റ്റൽ(ആൺകുട്ടികൾ)-40 കുട്ടികൾക്ക് താമസിച്ചുപഠിക്കാൻ സൗകര്യമുള്ള ഇവിട നിലവിൽ 19 കുട്ടികൾമാത്രമാണുള്ളത്.എല്ലാവിധ സൗകര്യങ്ങളുമുള്ള ഹോസ്റ്റലും പരിസരവും വൃത്തിയായി പരിപാലിക്കുന്നതായി കണ്ടു.വാർഡൻ,കുക്ക്,റസിഡന്റ് ട്യൂട്ടർ എന്നിവർ ഹാജറുണ്ടായിരുന്നു.ഉച്ചഭക്ഷണസമയമായിരുന്നതിനാൽ കുട്ടികളും ഉണ്ടായിരുന്നു.മെനു പ്രകാരമുള്ള ഉച്ച ഭക്ഷണം കുട്ടികൾക്ക് നൽകിയതായി കാണുന്നു.താമസത്തേക്കുറിച്ചോ,ഭക്ഷണത്തെക്കുറിച്ചോ,ജീവനക്കാരുടെ പെരുമാറ്റത്തേക്കുറിച്ചോ ഒരു പരാതിയും കുട്ടികൾ ഉന്നയിച്ചില്ല.സ്കൂളും ഹോസ്റ്റലും തമ്മിൽ ഒരു മതിലിന്റെ ദൂരംമാത്രമേയുള്ളു.

ഹോസ്റ്റലിലെ ആവശ്യത്തിനുള്ള സാധനങ്ങൾ N.M.D.C/Horticorp- യിൽനിന്നാണ് വാങ്ങുന്നത്. സന്ദർശനവേളയിൽ ഹോസ്റ്റലിൽ സൂക്ഷിച്ചിരുന്ന ചില സാധനങ്ങൾ(ചെറുപയർ,കടല,ഉഴുന്ന്,ഉലുവ- ബ്രാൻഡഡ് അല്ലാത്ത പായ്ക്കറ്റിൽ സൂക്ഷിച്ചിരുന്നത്)ഉപയോഗിക്കാൻപറ്റാത്തവിധം കേടായതായിരുന്നു.അവ തിരികെനൽകാനും മേലിൽ ഇത്തരം സാധനങ്ങൾ വിതരണ ഏജൻസി സപ്ലൈ ചെയ്യുന്നില്ലെന്ന് ഉറപ്പുവരുത്താനും നിർദ്ദേശം നൽകി. നിലവിൽ ഹോസ്റ്റലിന്റെ പ്രവർത്തനം തൃപ്തികരമാണെന്ന് കാണുന്നു.

2.ഭൂരഹിതപുനരധിവാസം

വിവിധ വർഷങ്ങളിൽ ഭൂമിവാങ്ങുന്നതിന് ധനസഹായം നൽകിയ ചുവടെ പറയുന്ന ഗുണഭോക്താക്കൾ വാങ്ങിയ സ്ഥലങ്ങൾ സന്ദർശിച്ചു.

1.ഗണേശൻ,മുണ്ടേടിപൊറ്റയിൽ,കരുവട്ടൂർ-2016-17

2.രാജേഷ്,മുണ്ടയ്ക്കൽ,പെരുവയൽ-2017-18

3.യദുകൃഷ്ണൻ,പാറപ്പുറത്ത്,ചെറുവാടി,കൊടിയത്തൂർ-2017-18

4.സുമീഷ്കുമാർ,പെരിങ്ങോട്ട്പുറായിൽ,പാറമ്മൽ.-2017-18

5.രഞ്ജിത്ത്.കെ,കാഞ്ഞിരിമേത്തൽ,കണ്ണിപ്പറമ്പ്,മാവൂർ.-2015-16

ടി ഗുണഭോക്താക്കൾ വാങ്ങിയ സ്ഥലങ്ങൾ ഭവനനിർമ്മാണത്തിന് അനുയോജ്യമാണെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്.

<u>3.ഭവന നിർമ്മാണ പദ്ധതി.:</u> ഫീൽഡ് പരിശോധനയുടെ ഭാഗമായി ഭവന നിർമ്മാണ പദ്ധതി പ്രകാരം ധനസഹായം അനുവദിച്ച ചുവടെ പറയുന്ന ഗുണഭോക്താക്കളുടെ ഭവനങ്ങൾ സന്ദർശിച്ചു.

1.അഖിൽ,അരണയിൽ,പറമ്പിൽ,കുറുവട്ടൂർ-2016-17

2.വെള്ളായി,എടപ്പുനത്ത്പുറായിൽ,പെരുവയൽ-2017-18

3.ഷൈജു,ആമ്പ്രമ്മൽ,കുന്ദമംഗലം

4.ഷൈനി,കോരക്കണ്ടി,കൂവക്കുന്നത്ത്,കുന്ദമംഗലം-2016-17

5.നീനകുമാരി,മാളികത്തടംകോളനി,ചാത്തമംഗലം-2017-18

ടി ഭവനങ്ങൾ വകുപ്പിന്റെ മാനദണ്ഡങ്ങൾക്ക് വിധേയമായി നിർമ്മിച്ചിട്ടുള്ളവയാണെന്നും,തൃപ്തികരമായി പൂർത്തിയാക്കിയിട്ടുള്ളവയാണെന്നുംപരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്.

<u>4.പഠനമുറി നിർമ്മാണ പദ്ധതി.:</u> ഫീൽഡ് പരിശോധനയുടെ ഭാഗമായി പഠനമുറി നിർമ്മാണ പദ്ധതി പ്രകാരം ധനസഹായം അനുവദിച്ച ചുവടെ പറയുന്ന ഗുണഭോക്താക്കളുടെ ഭവനങ്ങൾ സന്ദർശിച്ചു.

1.ആതിര.പി.എം,പറമ്പിൽമേത്തൽ,കുറ്റിപ്പറമ്പത്ത്,പെരുവയൽ,

2.സിൻഷ.കെ,കട്ടയാട്പറമ്പ്,പാറക്കോട്ടുതാഴം,പെരുമണ്ണ,

3.സംയുക്തവിജയൻ,പൊന്നത്ത്,പന്നിക്കോട്,കൊടിയത്തൂർ,

4.അർജ്ജുൻ.സി.റ്റി,ചെട്ടിത്തൊടികയിൽ,പിലാശ്ശേരി,കുന്ദമംഗലം,

5.അലീഷ.കെ.പി,കുറ്റിപ്പറമ്പിൽ,കുമാരനല്ലൂർ,കാരശ്ശേരി-

<u>(എ)-വകുപ്പുതല പരിശോധന.</u>

01-01-2010 മുതൽ 31-03-2014 വരെയുള്ള കാലയളവിലെ പ്രവർത്തനങ്ങൾ വകുപ്പുതല പരിശോധനാവിഭാഗം(ഫിൻ.ഇ) നടത്തിയിട്ടുണ്ട്.ഈ പരിശോധന സംബന്ധിച്ചറിപ്പോർട്ട് 03-10-2017 ന് ബി1.27393/17 പ്രകാരം കോഴിക്കോട് ജില്ലാപട്ടികജാതിവികസന ഓഫീസർക്ക് നല്കിയിരുന്നുവെങ്കിലും 14-12-2017 ൽ മാത്രമാണ് കുന്നമംഗലം എസ്.സി.ഡി.ഒ.യ്ക്ക് ലഭ്യമായതെന്ന് കാണുന്നു. ടി റിപ്പോർട്ടിന് 19-04-2018 ൽ പ്രാഥമിക മറുപടി നൽകിയിട്ടുണ്ട്. –തുടർനടപടി സംബന്ധിച്ച വിവരം ഫയലിൽ ലഭ്യമല്ല.

01-06-2006 മുതൽ 31-03-2009 വരെയുള്ള ആഭ്യന്തര പരിശോധനാറിപ്പോർട്ടിലെ ചുവടെ പറയുന്ന ഖണ്ഡികകളിൽ അവശേഷിക്കുന്ന ഓഡിറ്റ് തടസ്സങ്ങൾ നിലനില്ക്കുന്നതായി മനസ്സിലാക്കുന്നു.

1.ഖണ്ഡിക XI -<u>ഭവനനിർമ്മാണം</u>.നിലവിലെ സ്ഥിതിവിവരം സ്റ്റേജ് തിരിച്ച് ലഭ്യമാക്കുക

2.ഖണ്ഡിക XV-മിശ്രവിവാഹ ധനസഹായം.ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള ന്യൂനതകൾ എല്ലാം പരിഹരിച്ചോയെന്ന് റിപ്പോർട്ടുചെയ്യേണ്ടതാണ്.

3.ഖണ്ഡിക XVII-സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണം.ചെലവുസംബന്ധിച്ച വൗച്ചറുകൾ കണ്ടെത്താൻ കഴിയാത്ത സാഹചര്യത്തിൽ ആയത് ബന്ധപ്പെട്ടവരുടെ ബാധ്യതയായി കണക്കാക്കി അറിയിക്കേണ്ടതാണ്.

ഇതിൽ ഭവനനിർമ്മാണം നിലവിലെ സ്ഥിതിവിവരം സ്റ്റേജ് തിരിച്ച് 2007-08 മുതലുള്ളത് ഈ ഓഡിറ്റിൽ പരിശോധിച്ച് രേഖപ്പെടുത്തിയിട്ടുണ്ട് .അതിനാൽ ടി ഖണ്ഡികയിൻമേലുള്ള തടസ്സം ഒഴിവാക്കാവുന്നതാണ്,മറ്റ് ഖണ്ഡികയിൻമേലുള്ള മറുപടിനൽകി വിവരം റിപ്പോർട്ടുചെയ്യേണ്ടതാണ്.

**(ബി) അക്കൗണ്ടന്റ് ജനറലിന്റെ പരിശോധന സംബന്ധിച്ച്.**

01-12-2015 മുതൽ30-11-2016 വരെയുള്ള കാലയളവ് ഏ.ജി പരിശോധനാവിധേയമാക്കിയിട്ടുണ്ട്.OA(HQ)IV/11/12-206/16-17/882 പ്രകാരംലഭിച്ച ആഡിറ്റ് റിപ്പോർട്ടിന് 06-03-2017 ൽ മറുപടിനല്കിയിട്ടുണ്ട്. ഈ മറുപടി അംഗീകരിച്ച് തീർപ്പാക്കിയതായി കാണുന്നില്ല.

മുൻ ഓഡിറ്റുകളുടെ ധാരാളം ഖണ്ഡികകൾ തീർപ്പാക്കാനുള്ളതായും കാണുന്നു.

1. OA(HQ)II/IV/12-431/09-10/--part.II B para I& IV.

2OA(HQ)II/IV/12-85/11-12/--part.II B para I.

3.OA(HQ)II/IV/12-278/13-13/--part.II B para I&III.

4.OA(HQ)II/IV/12-151/13-14/--part.II B para I&II.

5.OA(HQ)II/IV/12-213/14-15/--part.II B para II,III&IV.

6.OA(HQ)II/IV/12-171/15-16/--part.II B para I to VI.

ഈ ഖണ്ഡികകൾക്കുള്ള മറുപടികൾ നല്കി വിവരം അറിയിക്കേണ്ടതാണ്

## പാർട്ട് II

### ക്യാഷ് ബുക്കുംഅനുബന്ധ രേഖകളും

**1.ബിൽബുക്ക്/ക്യാഷ് ബുക്ക്.**

1.31-07-2014 ക്യാഷ്ബുക്കിൽ വരവുരേഖപ്പെടുത്തിയിട്ടുള്ള തുകകൾ ഒന്നുംതന്നെ Total കോളത്തിലേക്ക് എടുത്തെഴുതിയിട്ടില്ല.

2. ക്യാഷ്ബുക്കിന്റെ മുകളിൽ ഓഫീസിന്റെ പേര് എഴുതേണ്ടസ്ഥലത്ത് 23-12-2014 ലെ ഇടപാടുകൾ രേഖപ്പെടുത്തിയിരിക്കുന്നു.മാത്രമല്ല Opening Balance,Grant Total എഴുതിയിട്ടുമില്ല.അശ്രദ്ധയോടെ ക്യാഷ്ബുക്ക്കൈകാര്യംചെയ്തു എന്ന് വ്യക്തം.

3.2014-15 സാമ്പത്തികവർഷത്തെ ട്രഷറി ബിൽബുക്കിൽ എസ്.സി.ഡി.ഒ ഒപ്പ് രേഖപ്പെടുത്തിയതായി കാണുന്നില്ല.ന്യൂനത പരിഹരിക്കേണ്ടതാണ്.

4.ബിൽ നം. CB.24/16-17.dtd 31-03-2016 ന് 30,00,000/-രൂപ ട്രഷറിഓഫീസർ പാസ്സാക്കിയിട്ടുണ്ട്.എന്നാൽ 30-03-2016 ന് (.ബിൽപാസ്സാക്കുന്നതിന് മുൻപ്) 3,00,000/-രൂപ ക്യാഷ്ബുക്കിൽ വരവുകാണിച്ചിരിക്കുന്നു.ഇതിൻമേലുള്ള അപാകം ട്രഷറിയുമായി ബന്ധപ്പെട്ട് പരിഹരിച്ച് വിവരം റിപ്പോർട്ടുചെയ്യേണ്ടതാണ്.

5.ബ ിൽ നം. PB No.35/16-17 പ്രകാരം 05-12-2016 ന് ട്രഷറിയിൽനിന്നും മാറിയത് 55,094/- രൂപയാണ്.എന്നാൽ ക്യാഷ്ബുക്കിൽ വരവുകാണിച്ചിരിക്കുന്നത് 45,383/- രൂപയെന്നാണ്.9711/- രൂപയുടെ വ്യതാസം സംബന്ധിച്ച് വിശദീകരണം നൽകേണ്ടതാണ്.

6.ബ ിൽ നം. CB No. /15-16 പ്രകാരം 28-02-2017 ന് ട്രഷറിയിൽനിന്നും പാസ്സാക്കിനൽകിയത് 14,18,250/- രൂപയാണ്.എന്നാൽ ടി തീയതിയിൽ ക്യാഷ്ബുക്കിൽ വരവുകാണിച്ചിരിക്കുന്നത് 14,81,250/- രൂപയെന്നാണ് .ന്യൂനത പരിഹരിക്കേണ്ടതാണ്.

7.ബ ിൽ നം. CB No.103 /16-17 പ്രകാരം 29-03-2017 ന് ട്രഷറിയിൽനിന്നും പാസ്സാക്കിനൽകിയത് 14,18,250/- രൂപയാണ്.എന്നാൽ ടി തീയതിയിൽ ക്യാഷ്ബുക്കിൽ വരവുകാണിച്ചിരിക്കുന്നത് 4,20.000/-രൂപയെന്നാണ്,ന്യൂനത പരിഹരിക്കേണ്ടതാണ്.

8.ബ ിൽ നം. CB No.49 /17-18 പ്രകാരം 03-11-2017 ന് ട്രഷറിയിൽനിന്നും പാസ്സാക്കിനൽകിയത് 10,350/- രൂപയാണ്.എന്നാൽ ടി തീയതിയിൽ ക്യാഷ്ബുക്കിൽ വരവുകാണിച്ചിരിക്കുന്നത് 12,475/- രൂപയെന്നാണ് .ന്യൂനത പരിഹരിക്കേണ്ടതാണ്.

9.03-11-2017 ൽ ക്യാഷ്ബുക്ക്പ്രകാരമുള്ള Receipts .

എ). EB No.41 /17-18 –Rs.15,328

ബി. EB No.41 /17-18 –Rs.30,180

സി. EB No.41 /17-18 –Rs.19,810

ഡി. EB No.41 /17-18 –Rs.12,475. Receipts side ലെ Grand Total തെറ്റായാണ് രേഖപ്പെടുത്തിയിരിക്കുന്നത്.ന്യൂനത പരിഹരിക്കേണ്ടതാണ്.

10.ബിൽബുക്കിൽ തുകയും,ബിൽനമ്പരും രേഖപ്പെടുത്തി തീയതിവച്ച് 7 ബില്ലുകൾ എസ്.സി.ഡി.ഒ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.എന്നാൽ ബിൽബുക്കിന്റെ 10(എ) കോളംമുതൽ 14-ാം കോളവരെ ഒരുരേഖപ്പെടുത്തലും വരുത്തിയിട്ടില്ല.

ഉദാ:-1.ക്രമനമ്പർ 264 ബിൽനമ്പർ CB No.161 /17-18 –Rs.9,00,000/-c/o 31-03-2018

2.ക്രമനമ്പർ 265 ബിൽനമ്പർ CB No.162 /17-18 –Rs.10,838/-c/o 31-03-2018

3.ക്രമനമ്പർ 266 ബിൽനമ്പർ CB No.163 /17-18 –Rs.87,000/-c/o 31-03-2018

4.ക്രമനമ്പർ 267 ബിൽനമ്പർ CB No.164 /17-18 –Rs.1,15,000/-c/o 31-03-2018

5.ക്രമനമ്പർ 268 ബിൽനമ്പർ CB No.165 /17-18 –Rs.1,95,000/-c/o 31-03-2018

6.ക്രമനമ്പർ 269 ബിൽനമ്പർ CB No.166 /17-18 –Rs.76,000/-c/o 31-03-2018

7.ക്രമനമ്പർ 270 ബിൽനമ്പർ CB No.167 /17-18 –Rs.10,000/-c/o 31-03-2018

ന്യൂനത പരിഹരിച്ച് വിവരം റിപ്പോർട്ടുചെയ്യേണ്ടതാണ്.

**2.അക്വിറ്റൻസ്(ജീവനക്കാര്യം).**

1.09/11 മുതൽ 04/2014 വരേയും 02-05-2014 മുതൽ07-04-2016 വരേയുമുള്ള അക്വിറ്റൻസുകളിൽ വിതരണവിവരം( KTC.Vol.I.432(d) പ്രകാരമുള്ള സർട്ടിഫിക്കറ്റ് )ഡി.ഡി.ഒ സാക്ഷ്യപ്പെടുത്തിയിട്ടില്ല .ന്യൂനത പരിഹരിച്ച് വിവരം റിപ്പോർട്ടുചെയ്യേണ്ടതാണ്.

2.07-04-2016 ന് ശേഷം അക്വിറ്റൻസ് പരിപാലിച്ചിട്ടില്ലെന്ന് കാണുന്നു. GO(P)No.138/2016/Fin Dtd.23-09-2016 വിധേയമായി അക്വിറ്റൻസ് പരിപാലിച്ച് വിവരം റിപ്പോർട്ടുചെയ്യേണ്ടതാണ്.

**3.അക്വിറ്റൻസ്-എസ്.സി.പ്രമോട്ടേഴ്സ്/അപ്രന്റിസ് ക്ലാർക്ക്.**

31-03-2016 ന് ശേഷം 04/2017 മുതൽ മാത്രമാണ് അക്വിറ്റൻസ് പരിപാലിക്കുന്നത് . GO(P)No.138/2016/Fin Dtd.23-09-2016 വിധേയമായി അക്വിറ്റൻസ് പരിപാലിക്കേണ്ടതും,Credit Confirmation Statement ൽ വേതനം മാറിയ മാസം,തീയതിഎന്നിവ രേഖപ്പെടുത്തേണ്ടതും ഓഫീസർ ഒപ്പ്വച്ച ക്രമമായി സൂക്ഷിക്കേണ്ടതുമാണ്,

**4.അക്വിറ്റൻസ്- സ്വീപ്പർ.**

1.വിതരണവിവരം KTC.Vol.I.432(d) പ്രകാരമുള്ള സർട്ടിഫിക്കറ്റ് എഴുതി ഡി.ഡി.ഒ സാക്ഷ്യപ്പെടുത്തിയിട്ടില്ല.രജിസ്റ്ററിൽ പേജ്നമ്പർ ഇട്ട് സാക്ഷ്യപ്പെടുത്തൽ വരുത്തിയിട്ടില്ല.

2. GO(P)No.138/2016/Fin Dtd.23-09-2016 വിധേയമായി അക്വിറ്റൻസ് പരിപാലിക്കേണ്ടതും,Credit Confirmation Statement ൽ വേതനം മാറിയ മാസം,തീയതിഎന്നിവ രേഖപ്പെടുത്തേണ്ടതും ഓഫീസർ ഒപ്പ്ചാർത്തി ക്രമമായി സൂക്ഷിക്കേണ്ടതുമാണ്,

3.04/2016 ന് മുൻപുള്ള അക്വിറ്റൻസിലെ ന്യൂനതകൾ പരിഹരിച്ച് വിവരം റിപ്പോർട്ടു ചെയ്യേണ്ടതാണ്.

**5.ചെലാൻഫയൽ**

ചെലാനുകൾ വർഷംതിരിച്ച് ക്രമമായി സൂക്ഷിച്ച് വിവരം റിപ്പോർട്ടു ചെയ്യേണ്ടതാണ്.

**6.പണംപറ്റ് രസീതുകൾ.**

പണംപറ്റ് രസീതുകൾ ക്രമരഹിതമായാണ് പരിപാലിച്ചിട്ടുള്ളത്.ഇത് ഓഡിറ്റിന് വളരെയധികം പ്രയാസം സൃഷ്ടിച്ചിട്ടുണ്ട്. പണംപറ്റ് രസീതുകൾ വർഷംതിരിച്ച് ക്രമമായി സൂക്ഷിച്ച് വിവരം റിപ്പോർട്ടു ചെയ്യേണ്ടതാണ്.

**2.TR-5 രസീത് ബുക്ക്.**

ഈ ഓഫീസിൽ Centralized Numbering System പ്രകാരമുള്ള TR-5 രസീത് ബുക്ക് പരിപാലിച്ചുവരുന്നില്ല. ആവശ്യമുള്ളപക്ഷം Centralized Numbering Systemമുള്ള TR-5 രസീത് ബുക്ക് ലഭ്യമാക്കി അതിന്റെ സ്റ്റോക്ക് രജിസ്റ്റർസഹിതം പരിപാലിച്ചുപയോഗിക്കാവുന്നതാണ്.പഴയ TR-5 രസീത് ബുക്കിലെ ഉപയോഗിക്കാതെ ശേഷിക്കുന്ന രസീതുകൾ Cancel ചെയ്ത,സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതും വിവരം റിപ്പോർട്ടു ചെയ്യേണ്ടതുമാണ്.

**പാർട്ട് III**

**വിവിധ പദ്ധതികൾ സംബന്ധിച്ച്.**

**1.മിശ്രവിവാഹധനസഹായം -**

1.2014-15 വർഷംമുതൽ 2017-18 വർഷംവരെ മിശ്രവിവാഹധനസഹായപദ്ധതിപ്രാരം ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| 2014-15 | 20 | 10,00,000/-(20X50000) |
| 2015-16 | 15 | 7,50,000/-(15X50000) |
| 2016-17 | 9 | 4,50,000/-(10X50000) |
| 2017-18 | 17 | 8,50,000/-(17X50000) |

2. മിശ്രവിവാഹധനസഹായ രജിസ്റ്റർ പരിപാലികുകുന്നതിൽ വേണ്ടത്ര ശ്രദ്ധയുള്ളതായി തോന്നുന്നില്ല.സാമ്പത്തികവർഷം അവസാനിക്കുമ്പോൾ ആവർഷത്തെ സംക്ഷിപ്തം രജിസ്റ്ററിൽ എഴുതിസൂക്ഷിക്കുന്നതിനും,അടുത്ത സാമ്പത്തികവർഷത്തെ എൻട്രികൾ സാമ്പത്തികവർഷം വ്യക്തമായി എഴുതിയശേഷംമാത്രമേ വരുത്താവു എന്നും നിർദ്ദേശിക്കുന്നു.

4. അപേക്ഷകളും അനുബന്ധരേഖകളും ജില്ലാപട്ടികജാതി വികസന ഓഫീസർ വിവാഹ ധനസഹായമനുവദിച്ചുകൊണ്ടിറക്കുന്ന ഉത്തരവുകൾ എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.അപേക്ഷകളും അവയോടൊപ്പം സമർപ്പിച്ചിട്ടുള്ള രേഖകളുംസൂക്ഷിക്കുന്നതിന് കുറേക്കൂടി ജാഗ്രത കാട്ടേണ്ടിയിരിക്കുന്നു. (സ്റ്റാപ്ളർ പിന്നിന്റെ അമിത ഉപയോഗംമൂലം അപേക്ഷകൾ പലതുംകീറി നാശോൻമുഖമായ അവസ്ഥയിലാണ്.)

5. മിശ്രവിവാഹധനസഹം അനുവദിക്കപ്പെട്ട ദംപതിമാരുടെ പേരിൽ നിശ്ചിത വിലയ്കുള്ള മുദ്രപ്പത്രം വാങ്ങിനല്കിയിട്ടുണ്ടെങ്കിലും ക്രമപ്രകാരമുള്ള എഗ്രിമെന്റിൽ ഓഫീസർ/സാക്ഷികൾ (ബഹുഭൂരിപക്ഷംഎഗ്രിമെന്റിലും)ഒപ്പിട്ടിട്ടുള്ളതായി കാണുന്നില്ല. ന്യൂനതകൾ പരിഹരിച്ച് വിവരം റിപ്പോർട്ട്ചെയ്യേണ്ടതാണ്.

6.ചില ഗുണഭോക്താളുടെ വിവാഹ സർട്ടിഫിക്കറ്റുകൾ(ഒർജിനൽ) അപേക്ഷകളോടൊപ്പം കാണുകയുണ്ടായി.ഉദാ:-

2014-15

1.ജെറിൻ.പി&രമ്യ.കെ .ജി,വലിയപറമ്പിൽ,കുന്നമംഗലം.

2.സുഭാഷ്.പി.എം&വിൻസി.വി.എസ്,ചാലിൽപുറായി,ചന്തക്കാവ്.

3.അജി.ഇ&ബൈജു എൻ,എരഞ്ഞിക്കൽ,പാലിശേരി.

4.മനീഷ്.എൻ&ജെൻസിജോസ്,പാലക്കുന്നുമ്മൽ,നീലേശ്വരം.

2017-18.

1.സജീഷ്.വി.ആർ& പ്രതിഭ.പി.കെ

2.പ്രണവ്.സി& അമലു.വി.എസ്,

3.മനോഷ്.പി& സ്മിത.പി.കെ.

ഇവ മടക്കിനല്കി വിവരം റിപ്പോർട്ട്ചെയ്യേണ്ടതാണ്.

2015-16 ലെ ഗുണഭോക്താക്കളായ ഷാൻ.കെ .ബി,ലിനി.എൻ,കുന്നേൽപ്പറമ്പിൽ, മൈസൂർമല എന്നിവർക്ക് ധനസഹായം അനുവദിച്ചത് ഓട്ടോറിക്ഷവാങ്ങാനാണ്.എന്നാൽ തുക വിനിയോഗിച്ചത് തയ്യൽമെഷീൻ വാങ്ങാനാണ്.ഇതിൻമേൽ സാധൂകരണംവാങ്ങി വിവരം അറിയിക്കേണ്ടതാണ്

2015-16 വർഷത്തിൽ 16 ഗുണഭോക്താക്കൾക്കായി 8,00,000/-(50000X16)തേർച്ചചെയ്ത് തായി ബിൽബുക്കിൽ നിന്നും മനസ്സിലാകുന്നു.എന്നാൽ രജിസ്റ്ററിൽ 15 ഗുണഭോക്താക്കളുടെ വിവരങ്ങളേ ചേർത്തിട്ടുള്ളു എന്ന് കാണുന്നു.ശ്രീ.ദീപേഷ്&ശ്രീമതി.അനില,പെരുവേൽ,കല്ലൂരുട്ടി.പി.ഒഎന്ന ദമ്പതികളുടെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തി വിവരം അിറയിക്കേണ്ടതാണ്.

8.4 വർഷത്തേയും യൂ.സി അയച്ചതിന്റെ പകർപ്പ് ഫയലിൽ ലഭ്യമല്ല. യു.സി അയച്ച് വിവരം റിപ്പോർട്ടുചെയ്യേണ്ടതാണ്.

## 2.വിവാഹധനസഹായം

1. 2014-15 വർഷംമുതൽ 2017-18 വർഷംവരെ വിവാഹധനസഹായപദ്ധതിപ്രകാരം ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| 2014-15 | 77 | 38,50,000/- |
| 2015-16 | 61 | 30,50,000/- |
| 2016-17 | 61 | 30,50,000/- |
| 2017-18 | 89 | 59,50,000/- |

2.അപേക്ഷകരുടെ വിവരം രജിസ്റ്റർ പരിപാലിച്ച് അതിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും ടി രജിസ്റ്ററിൽ ഓഫീസർ ഒപ്പ് ചാർത്തി അപേക്ഷകരുടെ വിവരം സാക്ഷ്യപ്പെടുത്തുന്നില്ലെന്നുകാണുന്നു.

3.രജിസ്റ്ററിൽ അപേക്ഷകരുടെ വിവരം ഇടവേളകളില്ലാതെ തുടർച്ചയായിരേഖപ്പെടുത്തിക്കൊണ്ടിരിക്കുന്നതാണ് ഇവിടുത്തെരീതിയെന്നുകാണുന്നു. സാമ്പത്തികവർഷം അവസാനിക്കുമ്പോൾ ആവർഷത്തെ സംക്ഷിപ്തം രജിസ്റ്ററിൽ എഴുതിസൂക്ഷിക്കുന്നതിനും,അടുത്ത സാമ്പത്തികവർഷത്തെ എൻട്രികൾ സാമ്പത്തികവർഷം വ്യക്തമായി എഴുതിയ ശേഷംമാത്രമേ വരുത്താവു എന്നും നിർദ്ദേശിക്കുന്നു.

4.ജില്ലാഓഫീസിൽനിന്നും ധനസഹായം അനുവദിച്ചുനല്കുന്ന ഉത്തരവുകൾ ഫയലിൽ സൂക്ഷിക്കുന്നുണ്ടെങ്കിലും യൂ.സി അയച്ചതിന്റെ പകർപ്പ് ഫയലിൽ ലഭ്യമല്ല. യു.സി അയ

യ്ക്കുന്നതിന്റെ കോപ്പി ഫയലിൽതന്നെ സൂക്ഷിക്കുന്നതിന് ശ്രദ്ധിക്കണം.മറ്റ് ന്യൂനതകൾ പരിഹരിച്ച് വിവരം റിപ്പോർട്ട്ചെയ്യേണ്ടതുമാണ്.

**3.ചികിത്സാധനസഹായം**

1. 2014-15 വർഷംവരെ ജില്ലാഓഫീസർ നേരിട്ടാണ് ചികിൽസാധനസഹായം അനുവദിച്ചിരുന്നത്.പിന്നീട് അലോട്ട്മെന്റ് ജില്ലാഓഫീസർ നല്കുകയും ടി തുക ഓഫീസറുടെ STSB അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചികിൽസാധനസഹായം അനുവദിക്കുന്ന ഗുണഭോക്താക്കൾക്ക് ചെക്ക്മുഖേന തുക നല്കുകയുമാണ് ചെയ്യുന്നത്.2014-15വർഷംമുതൽ 2017-18 വർഷംവരെ ധനസഹായം നല്കിയവരുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| 2014-15 | -- | -- |
| 2015-16 | 174 | 40,39,000/- |
| 2016-17 | 151 | 31,01,000/- |
| 2017-18 | 175 | 22,00,000/- |

2.ചികിൽസാധനസഹായത്തിനായി പ്രത്യേക രജിസ്റ്റർ പരിപാലിക്കുന്നതായി കണ്ടില്ല. അക്വിറ്റൻസ് പരിപാലിക്കുന്നതിൽ വ്യക്തതക്കുറവുണ്ട്.ഇടവേളകളില്ലാതെ ഗുണഭോക്തൃവിവരം രേഖപ്പെടുത്തുന്നരീതി പരിശോധനയ്ക്ക് വലിയ ബുദ്ധിമുട്ട് ഉണ്ടാക്കിയിരുന്നു.

ഓരോ ബിൽ പ്രാകാരമുള്ള payment ന് ശേഷം abstact എഴുതിവയ്ക്കാൻ നിർദ്ദേശിക്കുന്നു. യു.സി അയയ്ക്കുന്നതിന്റെ കോപ്പി ഫയലിൽതന്നെ സൂക്ഷിക്കുന്നതിന് ശ്രദ്ധിക്കണം.മറ്റ് ന്യൂനതകൾ പരിഹരിച്ച് വിവരം റിപ്പോർട്ട്ചെയ്യേണ്ടതുമാണ്.

**4.സ്വയം തൊഴിൽ ധന സഹായ പദ്ധതി:**

ജില്ലാപട്ടികജാതിവികസന ഓഫീസർ നേരിട്ടാണ് ഈ പദ്ധതിനടപ്പിലാക്കുന്നത്.അതിനാൽ സ്വയം തൊഴിൽ ധന സഹായ പദ്ധതി സംബന്ധിച്ച യാതൊരുവിവരവും ലഭ്യമല്ലെന്ന് എസ്.സി.ഡി.ഒ അറിയിച്ചിരിക്കുന്നു.

**5.ടോയിലറ്റ് നിർമ്മാണ ധനസഹായം.**

2014-15മുതൽ 2015-16, വരെയുള്ള വർഷങ്ങളിൽ ടോയിലറ്റ് നിർമ്മാണ ധനസഹായം നല്കിയവരുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ടാർജറ്റ് | പൂർത്തിയാക്കിയവർ | ശേഷിക്കുന്നവർ |
|---|---|---|---|
| 2014-15 | 40 | 40 | - |
| 2015-16 | 54 | 54 | - |
| 2016-17 | | | |
| 2017-18 | | | |

അപേക്ഷകൾ സൂക്ഷിക്കുന്നതിനും,രജിസ്റ്റർ പരിപാലിക്കുന്നതിലും സംഭവിച്ച വീഴ്ചകൾ നേരിട്ട് ബോധ്യപ്പെടുത്തുകയും ന്യൂനതകൾ പരിഹരിക്കാൻ നിർദ്ദേശം നല്കുകയും ചെയ്തിട്ടുണ്ട്.

**6.ഭൂരഹിത പുനരധിവാസ പദ്ധതി.**

1.2014-15 വർഷംമുതൽ 2017-18 വർഷംവരെ.ഭൂരഹിത പുനരധിവാസ_പദ്ധതിപ്രകാരം ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| 2014-15 | 24 | **90,00,000/-** (24X3,75,000) |
| 2015-16 | 47 | **1,75,91,250/-** (46 X3,75,000, 1 X3,41,250) |
| 2016-17 | 52 | **1,99,50,000/-** (46X3,75,000, 6 X4,50,000) |
| 2017-18 | 56 | **2,14,14,050/-** (46X3,75,000, 6 X4,50,000 1X4,33,800, 1 X3,82,500, 1 X3,30,750, 1 X3,17,000) |

2.2012-13 വർഷംമുതൽ പുതിയരജിസ്റ്റർ പരിപാലിച്ചിട്ടുണ്ട്.രജിസ്റ്ററിൽ 279 പേജുകൾ നമ്പറിട്ടിട്ടുണ്ട്.12 പേജുകൾ (6 പേപ്പറുകൾ)ഒട്ടിച്ച്ചേർത്ത് 2015-16 ലെ ഗുണഭോക്തൃവിവരം പൂർണ്ണമായും ഉൾക്കൊള്ളിച്ചിട്ടുണ്ട്.ഇത്തരം നടപടികൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

3.ഭൂരഹിത പുനരധിവാസ പദ്ധതിയുടെ ഏറ്റവും പ്രധാനപ്പെട്ട നടപടിക്രമങ്ങളിലൊന്നാണ് ഗുണഭോക്താവും(ഒന്നാംകക്ഷി)കേരളാ ഗവർണ്ണർക്ക് വേണ്ടി എസ്.സി.ഡി.ഒ യും (രണ്ടാം കക്ഷി)തമ്മിൽ 200/- രൂപയുടെ മുദ്രപ്പത്രത്തിൽ (നിശ്ചിത മാതൃകയിൽ എഴുതിയൊ,ടൈപ്പ്ചെയ്തോ )ഏർപ്പെടുന്ന കരാർ.ഇവിടെ ഗുണഭോക്താക്കൾ മുദ്രപ്പത്രം വാങ്ങി

നൽകിയിട്ടുണ്ട്. നിശ്ചിത മാതൃകയിൽകരാർ വ്യവസ്ഥകൾ പ്രിന്റ്ചെയ്ത്ഗുണഭോക്താക്കൾ ഒപ്പിട്ടുനൽകിയിട്ടുമുണ്ട്.എന്നാൽ എസ്.സി.ഡി.ഒ ഒപ്പിട്ട് കരാർ നിയമവിധേയമാക്കിയിട്ടില്ലാത്ത ധാരാളം അപേക്ഷകൾകാണുകയുണ്ടായി.രണ്ട് സാക്ഷികളുടെ സാന്നിധ്യത്തിലാണ് കരാറിൽ ഏർപ്പെടേണ്ടത് എന്ന വ്യവസ്ഥയും പാലിച്ചിട്ടില്ല.ഉദാ:-

**2014-15**

1.ശ്രീമതി.ദിവ്യാ.കെ കിള്ളിയകനത്ത് ഹൗസ്,കലയം.പി.ഒ

2.ശ്രീ.മണി.കെ.പി,കൊളപ്പറമ്പത്ത്,പെരുവയന പി.ഒ

3.ശ്രീ.കണ്ടക്കുട്ടി.കെ.പി,വടക്കേച്ചാലിൽ,പറയൻപൊയിൽ.പി.ഒ

4.ശ്രീ.സാലു,മേലേടത്തിൽഹൗസ്,അളലി.പി.ഒ

5.ശ്രീമതി.അജിത.ടി.വി,തളിഗ്രാമത്തിൽ,കുമ്പാറ.പി.ഒ

6.ശ്രീ.ജൂബി,വലിയപുനത്തിൽ ഹൗസ്,വെള്ളിപ്പറമ്പ്

7.ശ്രീ.രാഗേഷ്,നടപ്പറമ്പിൽ ഹൗസ്,കുമാരനെല്ലൂർ

8.ബാബു.എം.ടി,കോരമംഗലത്ത് ഹൗസ്,പൂവാട്ടുപറമ്പ്

**2015-16.**

1.ശ്രീമതി.അമൃത.പി.എം,വളപ്പിൽമീത്തൽ,കോങ്ങോട്ട്

2.ശ്രീമതി.ബിന്ദു.കെ.കെ,സൂതങ്കര,മന്നാശ്ശേരി

3.ശ്രീമതി.ജിഷ.പി,ഏ.കെ.ജി കോളനി

4.ശ്രീ.മണി,കോട്ടക്കുന്നുമ്മൽ,മാവൂർ

4.രജിസ്റ്ററിലെ ഗുണഭോക്തൃവിവരങ്ങൾ ഓഫീസർ ഒപ്പിട്ട് സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.ആധാരങ്ങൾ തിരികെ നൽകിയവിവരങ്ങളും,യു.സി അയച്ച വിവരവും രജിസ്റ്ററിൽ ചേർത്തിട്ടില്ല.

5.രജിസ്റ്ററിൽ ഫോട്ടോ പതിക്കാത്ത ഗുണഭോക്താക്കൾ-2016-17

1.ബൈജു.കെ,കല്ലറ കോളനി.

2.സിതാര.യു,പുത്തലത്ത്മീത്തൽ

3.സജീഷ്.കെ.പി,കൂവ്വപ്പറമ്പ്.

4.രാജു.സി.ടി,ചെറുതടത്തിൽ.

5.രാജൻ,മുട്ടോളി.

6.രജീഷ്.സി.കെ,ചുടലക്കണ്ടിയിൽ.

6.രജിസ്റ്ററിൽ അപേക്ഷകരുടെ വിവരം ഇടവേളകളില്ലാതെ തുടർച്ചയായിരേഖപ്പെടുത്തിയതായിക്കാണുന്നു.ഇത് രജിസ്റ്റർ പരിശോധനയിൽ ധാരാളം ബുദ്ധിമുട്ട്ഉണ്ടാക്കി.സാമ്പത്തികവർഷം അവസാനിക്കുമ്പോൾ ആവർഷത്തെ സംക്ഷിപ്തം രജിസ്റ്ററിൽ എഴുതിസൂക്ഷിക്കുന്നതിനും,അടുത്ത സാമ്പത്തികവർഷത്തെ എൻട്രികൾ സാമ്പത്തികവർഷം വ്യക്തമായി എഴുതിയശേഷംമാത്രമേ വരുത്താവു എന്നും നിർദ്ദേശിക്കുന്നു.

7.അപേക്ഷകളും,അനുബന്ധരേഖകളും ക്രമപ്രകാരം ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും അവയുടെ പരിപാലനം തൃപ്തികരമായിതോന്നുന്നില്ല. അപേക്ഷകൾ നൂലുപയോഗിച്ച് കെട്ടിസൂക്ഷിക്കാൻ നിർദ്ദേശിക്കുന്നു.

8. ധാരാളം ആധാരങ്ങൾ ഓഫീസിൽ സൂക്ഷിക്കുന്നതായി കാണുന്നു. അനുവദിച്ചുനല്കിയ സ്ഥലം ഗുണഭോക്താവിന്റെ പേരിൽകൂട്ടി കരമടച്ചുകഴിഞ്ഞാൽ ആധാരങ്ങൾ ഓഫീസിൽ സൂക്ഷിക്കേണ്ട കാര്യമില്ല.ഇക്കാര്യത്തിൽ സത്വരനടപടിസ്വീകരിച്ച് വിവരം റിപ്പോർട്ട്ചെയ്യേണ്ടതാണ്.

9. 4 വർഷത്തേയും യു.സി അയച്ചതിന്റെ പകർപ്പ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളതായി കാണുന്നില്ല.ന്യൂനതകൾ പരിഹരിച്ച് വിവരം റിപ്പോർട്ട്ചെയ്യേണ്ടതാണ്.

## 7.ദുർബ്ബലവിഭാഗങ്ങളുടെ ഭൂരഹിത പുനരധിവാസ പദ്ധതി.

ചക്ലിയർ,കല്ലാടി തുടങ്ങിയ ദുർബ്ബലവിഭാഗത്തിൽപ്പെട്ടവർ ഇവിടെ അധിവസിക്കുന്നുണ്ടെങ്കിലും 2014-15 വർഷംമുതൽ 2017-18 വർഷംവരെ ഈ പദ്ധതിപ്രാരം ആനുകൂല്യം അനുവദിച്ചിട്ടുള്ളതായി കാണുന്നില്ല.

## 8.ഭവന നിർമ്മാണ ധനസഹായം

1.2007-08 മുതൽ 2016-17 വരെയുള്ള .ഭവന നിർമ്മാണ ധനസഹായ പദ്ധതിയുടെ പുരോഗതിവിവരം ചുവടെ കാണിക്കുന്നു.

| വർഷം. | ടാർജറ്റ് | പൂർത്തിയായവ | പൂർത്തിയാക്കാൻ ഉള്ളത് | പൂർത്തിയാക്കാനുള്ള ഭവനങ്ങളുടെ സ്റ്റേജ് വിവരം | | |
|---|---|---|---|---|---|---|
| | | | | I | II | III |
| 2007-08 | 35 | 27 | 8 | 2 | 3 | 3 |
| 2008-09 | 122 | 109 | 13 | 2 | 7 | 4 |
| 2009-10 | 190 | 168 | 22 | 4 | 13 | 5 |
| 2010-11 | 139 | 95 | 44 | 10 | 30 | 4 |
| 2011-12 | 53 | 52 | 1 | 0 | 1 | 0 |
| 2012-13 | 54 | 46 | 8 | 0 | 5 | 3 |
| 2013-14 | 59 | 34 | 25 | 0 | 21 | 4 |

| | | | | | | |
|---|---|---|---|---|---|---|
| 2014-15 | 47 | 43 | 4 | 3 | 1 | 0 |
| 2015-16 | 62 | 49 | 13 | 7 | 4 | 2 |
| 2016-17 | 172 | 124 | 48 | 17 | 19 | 12 |
| 2017-18 | 95 | 42 | 53 | 13 | 24 | 16 |
| ആകെ | 1028 | 789 | 239 | 58 | 128 | 53 |

2. 2007-08 മുതൽ 2017-18 വരെയുള്ള ഗുണഭോക്താക്കളിൽ 58 പേർ ഇപ്പോഴും ഒന്നാം ഗഡുവിൽ നില്ക്കുന്നു.ഈ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം സംബന്ധിച്ച് ഇപ്പോഴത്തെ അവസ്ഥ അന്വേഷിച്ച് റിപ്പോർട്ട്ചെയ്യേണ്ടതാണ്. ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിന് സാധ്യമായ എല്ലാ ശ്രമങ്ങളും നടത്തേണ്ടതാണ്.ഗുണഭോക്താക്കളുടെ മീറ്റിംഗ് വിളിച്ചുചേർക്കുക,.ബ്ലോക്ക് പഞ്ചായത്ത് മെംബർമാരുടേയും,ഗ്രാമപഞ്ചായത്ത് മെംബർമാരുടേയും സഹകരണത്തോടെ പ്രവർത്തനകലണ്ടർ തയ്യാറാക്കുക, അതിൻപ്രകാരം നിർമ്മാണം പൂർത്തിയാക്കുന്നതിന് ഗുണഭോക്താക്കളെ സജ്ജരാക്കുക,പ്രമോട്ടർമാർക്ക് ടാർജറ്റ് നിശ്ചയിച്ചുനൽകുക തുടങ്ങിയ രീതികൾ അവലംബിക്കാവുന്നതാണ്.

3.അപേക്ഷകളും അനുബന്ധരേഖകളും,ആനുകൂല്യം അനുവദിച്ച മേലാഫീസറുടെ ഉത്തരവുകളും ക്രമമായി ഫയലിൽ സൂക്ഷിക്കേണ്ടതാണ്. രജിസ്റ്റർ പരിപാലിക്കുന്നതിൽ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.ഗഡുക്കൾ അനുവദിക്കുന്നത് യഥാസമയം രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.

4. യു.സി അയച്ചതിന്റെ പകർപ്പ് ഫയലിലും സൂക്ഷിക്കേണ്ടതാണ്. ന്യൂനതകൾ പരിഹരിച്ച് വിവരം റിപ്പോർട്ട്ചെയ്യേണ്ടതാണ്.

## 9.ഭവന പുനരുദ്ധാരണ പദ്ധതി.

1.2014-15മുതൽ 2016-17 വരെയുള്ള വർഷങ്ങളിൽ ഭവന പുനരുദ്ധാരണ പദ്ധതി പ്രകാരം ധനസഹായം നല്കിയവരുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ടാർജറ്റ് | പൂർത്തിയാക്കിയവർ | ശേഷിക്കുന്നവർ |
|---|---|---|---|
| 2014-15 | 62 | 58 | 4 |
| 2015-16 | 40 | 38 | 2 |
| 2016-17 | 69 | 57 | 12 |
| 2017-18 | | | |

2.നിർമ്മാണം പൂർത്തിയാക്കാനുള്ള 18 ഗുണഭോക്താക്കളുടേയും നിലവിലെ സ്ഥിതി അന്വേഷിച്ച് റിപ്പോർട്ട്ചെയ്യേണ്ടതാണ്. നിർമ്മാണം പൂർത്തിയാക്കുന്നതിന് സാധ്യമായ എല്ലാ ശ്രമങ്ങളും നടത്തേണ്ടതാണ്.

3. ഓരോ വർഷത്തേയും അപേക്ഷകളും അനുബന്ധരേഖകളും ക്രമമായി ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ എൻജിനിയറിൽ നിന്നുള്ള എസ്റ്റിമേറ്റ് (പ്ലാൻ ആവശ്യമുള്ളവരിൽനിന്നും) ലഭ്യമായതിനുശേഷമാണ് ഒന്നാം ഗഡു അനുവദിച്ചിട്ടുള്ളത് .അതുപോലെ Completion Certificate ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ എൻജിനിയറിൽ നിന്നു വാങ്ങിയശേഷമാണ് അവസാന ഗഡു നല്കിയതെന്നും കാണുന്നു.

മറ്റ് പരാമർശങ്ങൾ ഇല്ല

10.വാൽസല്യനിധി.

സഉ(പി)നം.11/2017/പജ.പവ.വിവ തീയതി 15-11-2017പ്രകാരം ആവിഷ്കരിച്ച ഈ പദ്ധതി പട്ടികജാതിയിൽപ്പെട്ട പെൺകുട്ടികളുടെ സമഗ്ര വികസനം ലക്ഷ്യമാക്കുന്നു.18 വയസ് പൂർത്തിയാകുന്നമുറക്ക് 3,03,526/- രൂപ ഇൻഷ്വറൻസ് പരിരക്ഷയായി ലഭിക്കുന്നു.ഈ തുക ഉപരിപഠനത്തിനോ ഇതര ജീവിത സന്ധാരണത്തിനോവിനിയോഗിക്കാവുന്നതാണ്.

2017-18 സാമ്പത്തികവർഷം ഈ ഇനത്തിൽ 34 അപേക്ഷകൾ ലഭിച്ചതായും ടി അപേക്ഷകൾ മേൽ നടപടിക്കായി ജില്ലാപട്ടികജാതി വികസന ഓഫീസർക്ക് അയച്ചിട്ടുള്ളതായി കാണുന്നു.ഇതുസംബന്ധിച്ച മറ്റ് വിവരങ്ങൾ ലഭ്യമല്ല.

III (A)വിദ്യാഭ്യാസ പദ്ധതികൾ

1.ലംപ്സംഗ്രാന്റ് വിതരണം

1.വിവിധ വർഷങ്ങളിൽ എസ്.സി-ഒ.ഇ.സി വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റ് നല്കുന്നതിനായി ചെലവഴിച്ച തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | വിഭാഗം | വിദ്യാർത്ഥികളുടെ എണ്ണം | ആൺകുട്ടികൾ | പെൺകുട്ടികൾ | ചെലവഴിച്ച തുക |
|---|---|---|---|---|---|
| 2014-15 | S.C | 4932 | 2593 | 2339 | 24,34,500/- |
| | O.E.C | | | | |
| 2015-16 | S.C | 4984 | 2619 | 2365 | 24,83,350 |
| | O.E.C | | | | |
| 2016-17 | S.C | 4436 | 2300 | 2136 | 28,06,370 |
| | O.E.C | | | | |
| 2017-18 | S.C | 4306 | 2249 | 2059 | 27,62,460 |
| | O.E.C | | | | |

2. ലംപ്സംഗ്രാന്റ് രജിസ്റ്റർ നന്നായി പരിപാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. രജിസ്റ്ററിലെ എല്ലാകോളങ്ങളിലും രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല.തിരിച്ചടച്ച തുകകളുടെ ചെല്ലാൻ നമ്പർ, തീയതി എന്നിവ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.എല്ലാ എൻട്രി

കളും ഓഫീസർ ഒപ്പിട്ടു സൂക്ഷിക്കേണ്ടതാണ്.അക്വിറ്റൻസ് സ്കൂളുകളിൽനിന്നും വാങ്ങി ക്രമമായി സൂക്ഷിച്ചിട്ടുണ്ടെങ്കിലും 2017-18 സാമ്പത്തികവർഷത്തെ അക്വിറ്റൻസ് ഏതാനും സ്കൂളുകളിൽനിന്നും വാങ്ങാനുള്ളതായി കാണുന്നു.അവ ലഭ്യമാക്കി രജിസ്റ്ററിൽ ചേർത്ത് സൂക്ഷിക്കേണ്ടതും ന്യൂനതകൾ പരിഹരിച്ച് വിവരം റിപ്പോർട്ട്ചെയ്യേണ്ടതുമാണ്.

**2.പാരലൽ കോളേജ് എഡ്യൂക്കേഷൻ എയ്ഡ്**

1. 2014-15 മുതൽ 2017-18 വരെയുള്ള വർഷങ്ങളിൽ ധനസഹായം നല്കിയ വിദ്യാർത്ഥികളുടെ വിവരം അനുവദിച്ച തുക എന്നിവ ചുവടെ ചേർക്കുന്നു.

| വർഷം | വിദ്യാർ ത്ഥികളുടെ എണ്ണം | | അനുവദിച്ച തുക | |
|---|---|---|---|---|
| | S.C | O.E.C | S.C | O.E.C |
| 2014-15 | 110 | 17 | 5,95,125/- | 1,01,004/- |
| 2015-16 | 101 | 3 | 6,51,851/- | 22,832/- |
| 2016-17 | 124 | -- | 10,34,962/- | -- |
| 2017-18 | -- | -- | -- | -- |

പാരലൽകോളേജിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ വിവരങ്ങൾ രേഖപ്പെടുത്തിവക്കാൻ പ്രത്യേക രജിസ്റ്റർ പരിപാലിക്കുന്നില്ല.അക്വിറ്റൻസ് 2015-16 വരെനല്ലരീതിയിൽപരിപാലിച്ചിട്ടുണ്ട്.ശേഷം പരിപാലിച്ചതായി കാണുന്നില്ല.Credit Confirmation Statement രജിസ്ററിൽ ഒട്ടിച്ച് അക്വിറ്റൻസ് പരിപാലിക്കാൻ നിർദ്ദേശിക്കുന്നു.

ആനുകൂല്യം അനുവദിച്ച ജില്ലാ പട്ടികജാതിവികസന ഓഫീസറുടെ ഉത്തരവുകൾ ഫയലിൽക്രമമായി സൂക്ഷിക്കേണ്ടതാണ്.. യു.സി അയച്ചതിന്റെ പകർപ്പ് ഫയലിൽ സൂക്ഷിച്ചിട്ടില്ല. ന്യൂനതകൾ പരിഹരിച്ച് വിവരം റിപ്പോർട്ട്ചെയ്യേണ്ടതാണ്.

**3.പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ്.**

2014-15മുതൽ 2017-18 വരെ പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ് പദ്ധതി പ്രകാരം ധനസഹായം നല്കിയവരുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | കുട്ടികളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| 2014-15 | 1758 | 35,16,000/- |
| 2015-16 | 1704 | 34,08.000/- |
| 2016-17 | 1514 | 30,28,000/- |
| 2017-18 | 1542 | 30,84,000/- |

പ്രത്യേകം രജിസ്റ്റർ പരിപാലിക്കുന്നില്ല. ഫയൽ,അക്വിറ്റൻസ്,അപേക്ഷകൾ എന്നിവ നന്നായി പരിപാലിക്കുന്നുണ്ട്.മറ്റ് പരാമർശങ്ങൾ ഇല്ല.

**4.സെക്കന്ററി എഡ്യൂക്കേഷൻ എയ്ഡ്.**

2017-18 സാമ്പത്തികവർഷം മുതൽ ആരംഭിച്ച ടി പദ്ധതിപ്രകാരം 5-ാം ക്ലാസുമുതൽ 8-ാം ക്ലാസുവരെ പഠിക്കുന്ന 1247 വിദ്യാർത്ഥികൾക്ക് 24,94,000/-രൂപ വിതരണം ചെയ്തിട്ടുള്ള തായി കാണുന്നു. പ്രത്യേകം രജിസ്റ്റർ പരിപാലിക്കുന്നില്ല. ഫയൽ,അക്വിറ്റൻസ്,അപേക്ഷ കൾ എന്നിവ നന്നായി പരിപാലിക്കുന്നുണ്ട്.മറ്റ് പരാമർശങ്ങൾ ഇല്ല.

**5.പ്രത്യേക പ്രോത്സാഹന സമ്മാനം**

2014-15 മുതൽ 2017-18 വരെയുള്ള വർഷങ്ങളിൽ ഈ പദ്ധതി പ്രകാരം ധനസഹായം നല്കിയവരുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | കുട്ടികളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| 2014-15 | 117 | 2,62,000/- |
| 2015-16 | 220 | 3,46,000/- |
| 2016-17 | 173 | 4,20,500/- |
| 2017-18 | 305 | 8,86,000/- |

മറ്റ് പരാമർശങ്ങളില്ല.വിനിയോഗ സർട്ടിഫിക്കറ്റ് അയച്ചതുസംബന്ധിച്ച വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**6.ശ്രീ.അയ്യൻകാളിടാലന്റ് സേർച്ച് ഡവലപ്മെന്റ് സ്കീം.**

1. 2013-14 മുതൽ 2016-17 വരെയുള്ള വർഷങ്ങളിൽ ധനസഹായം നല്കിയവരുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | പുതിയത് | തുടർച്ചാനുമതി | ആകെ കുട്ടികൾ | അനുവദിച്ച തുക |
|---|---|---|---|---|
| 2014-15 | 16 | 16 | 32 | 1,44,000/- |
| 2015-16 | 25 | 11 | 36 | 1,62,000/- |
| 2016-17 | 32 | 32 | 64 | 2,88,000/- |
| 2017-18 | 15 | 27 | 42 | 1,89,000/- |

2.തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികളുടെ രജിസ്റ്റർ പരിപാലിക്കുന്നു.ഈ രജിസ്റ്റർത ന്നെയാണ് അക്വിറ്റൻസായും ഉപയോഗിക്കുന്നത്. അക്വിറ്റൻസിൽ തീയതിവച്ച് ഒപ്പിടുന്നു വെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

3.ഈ സ്കീമിലേയ്ക് തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയന്ന ക്ലാസ്സിൽ എത്തുമ്പോൾ കുറയുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.അതിനാൽസ്കൂൾ അധി കൃതരുമായി ബന്ധപ്പെട്ട് കുട്ടികളുടെ പഠന നിലവാരം പരിശോധിക്കേണ്ടതും എസ്.സി

പ്രമോട്ടർമാർ കട്ടികളുടെ ഭവനങ്ങളിൽ സന്ദർശനംനടത്തി രക്ഷിതാക്കളുടെ സഹായ ത്തോടെ പഠനനിലവാരം ഉറപ്പുവരുത്തേണ്ടതുമാണ്. യു.സി അയച്ചതിന്റെ പകർപ്പ് ഫയ ലിൽ സൂക്ഷിച്ചിട്ടില്ല.ന്യൂനതകൾ പരിഹരിക്കേണ്ടതും നിർദ്ദേശങ്ങൾപാലിക്കേണ്ടതുമാണ്.

## III (ഡ) മറ്റ്പദ്ധതികൾ സംബന്ധിച്ച്

1. വിജ്ഞാൻവാടി.

5 വിജ്ഞാൻവാടി കൾ ആണ് ഇവിടെ അനുവദിച്ചത്.അതിൽ 3 എണ്ണംമാത്രമാണ് പ്രവർത്തിക്കുന്നത്.അവ

1.കൊടിയത്തൂർ ഗ്രാമപഞ്ചായത്തിലെ പഴമ്പറമ്പിൽപ്രവർത്തിക്കുന്ന വിജ്ഞാൻവാടി.

2.കാരശ്ശേരി ഗ്രാമപഞ്ചായത്തിലെ എടലംപാട്ട്പ്രവർത്തിക്കുന്ന വിജ്ഞാൻവാടി.

3.പെരുമണ്ണ ഗ്രാമപഞ്ചായത്തിലെ പൂവത്താടിയിൽപ്രവർത്തിക്കുന്ന വിജ്ഞാൻവാടി.

ഇവിടുത്തെ ലൈബ്രേറിയൻ(കോ-ഓഡിനേറ്റർ)തസ്തികയിലേക്കുള്ള ഇന്റർവ്യൂ കഴി ഞ്ഞതായ് എസ്.സി.ഡി.ഒ അറിയിച്ചിട്ടുണ്ട്.

കുന്ദമംഗലം ഗ്രാമപഞ്ചായത്തിലെ കല്ലറക്കോളനി, ചാത്തമംഗലം ഗ്രാമപഞ്ചായത്തിലെ ഏ.കെ.ജി കോളനി എന്നിവിടങ്ങളിലെ വിജ്ഞാൻവാടികൾക്കായി നിർമ്മിക്കുന്ന കെട്ടിടത്തിന്റെ പണി പൂർത്തിയായിട്ടുണ്ടെന്നും,വൈദ്യുതിലഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നുണ്ടെന്നും,ഫർണിച്ചർ,കമ്പ്യൂട്ടർ,പുസ്തകങ്ങൾ എന്നിവവാങ്ങുന്നതിലേ ക്കായി ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 വർഷത്തെ എസ്.സി.എസ്.പി ഫണ്ടിൽനിന്നും തുക ലഭ്യമാക്കുന്നതിന് പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ടെന്നും എസ്.സി.ഡി.ഒ അിറയിച്ചി ട്ടുണ്ട്. വിജ്ഞാൻവാടി കൾസംബന്ധിച്ച നിലവിലെ സ്ഥിതി റിപ്പോർട്ട്ചെയ്യേണ്ടതാണ്.

2.സ്വയംപര്യാപ്ത ഗ്രാമം.

സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിലേക്ക് കുന്നമംഗലം ബ്ലോക്കിലെ 2 എസ്.സി കോളനി കളെ തെരഞ്ഞെടുത്തിട്ടുണ്ട്.അവ

1.മാവൂർ ഗ്രാമപഞ്ചായത്തിലെ അടുവാട് കോട്ടക്കുന്ന്പട്ടികജാതി ക്കോളനിയെയാണ് സ്വ യംപര്യാപ്ത ഗ്രാമം പദ്ധതിയിലേക്ക് ഈ ബ്ലോക്കിൽനിന്നും തെരഞ്ഞെടുത്തിട്ടുള്ളഒരു കോളനി.ഏകദേശം 75 ഓളം എസ്.സി.കുടുബങ്ങൾ ഇവിടെ അധിവസിക്കുന്നു.കോളനി നിവാസികൾ അനുഭവിക്കുന്ന ഏറ്റവും ഗുരുതരമായപ്രശനം ജലക്ഷാമമാണ്.ഇതിന് പരി ഹാരംകാണുന്നതിനാണ് ടി പദ്ധതിയിൽ പ്രഥമ പരിഗണനനൽകിയിട്ടുള്ളതെന്ന് കാണു ന്നു.(വളരെ ഉയരംകൂടിയ ഒരു കുന്നിലാണ് ടി കോളനി സ്ഥിതിചെയ്യുന്നത്.)ഇതിനായി കുന്നിന്റെ മുകളിൽ 50,000/- ലിറ്റർ ശേഷിയുള്ള വാട്ടർടാങ്ക് സ്ഥാപിച്ചിട്ടുണ്ട്.ഹൗസ് കണ ക്ഷനാണ് വിഭാവനംചെയ്തിട്ടുള്ളത്.പൈപ്പ് ഇടുന്നജോലി ഓഡിറ്റ് നടന്നസമയത്ത് ആരം ഭിച്ചിട്ടില്ലായിരുന്നു.ഇതുകൂടാതെ കോളനിയിലേയ്ക്കുള്ള റോഡ്,കോളനിയിലെ ഇടവഴിക ളിലൂടെയുള്ള ഫുഡ്പാത്ത് എന്നിവകളുടെ നിർമ്മാണവും ആരഭിച്ചിട്ടില്ലെന്ന് കാണുന്നു.

നിർമ്മാണംസംബന്ധിച്ച നിലവിലെ സ്ഥിതി, നിർമ്മാണഏജൻസിക്ക് നൽകിയതുക എന്നിവ സംബന്ധിച്ച വിവരങ്ങൾ റിപ്പോർട്ട്ചെയ്യേണ്ടതാണ്.

2.ചാത്തമംഗലം ഗ്രാമപഞ്ചായത്തിലെ വല്ലക്കണ്ടി എസ്.സി കോളനിയിലെ ടി പദ്ധതിപ്രകാരമുള്ള നിർമ്മാണം പൂർത്തിയായതായി എസ്.സി.ഡി.ഒ അറിയിച്ചു.

3.അംബേദ്ക്കർ സ്വാശ്രയ ഗ്രാമം.

അംബേദ്ക്കർ സ്വാശ്രയ ഗ്രാമംപദ്ധതിയിലേക്ക് കുന്നമംഗലം ബ്ലോക്കിലെ 6 എസ്.സി കോളനികളെ തെരഞ്ഞെടുത്തിട്ടുണ്ട്.അവ

എ.മുക്കം നഗരസഭയിലെ കയ്യിട്ടപ്പൊയിൽ ഐ.എച്ച്.ഡി.പി കോളനി,

ബി. മുക്കം നഗരസഭയിലെ തടപ്പറമ്പ് എസ്.സി കോളനി,

സി.കുരുവത്തൂർ ഗ്രാമപഞ്ചായത്തിലെ ചെറുവറ്റ ഐ.എച്ച്.ഡി.പി കോളനി,

ഡി. കുന്നമംഗലം ഗ്രാമപഞ്ചായത്തിലെ ആന്ദ്രമൻ എസ്.സി കോളനി,

ഇ.ചാത്തമംഗലം ഗ്രാമപഞ്ചായത്തിലെ ഏ.കെ.ജി എസ്.സി കോളനി,

എഫ്. പെരുവയൽ ഗ്രാമപഞ്ചായത്തിലെ ഭൂതാനം എസികോളനി

ഇതിൽ പെരുവയൽ ഗ്രാമപഞ്ചായത്തിലെ ഭൂതാനം എസികോളനിയിലെ നിർമ്മാണംമാത്രമേ ആരംഭിക്കാനുള്ളു.അടുത്തകാലത്തായിമാത്രം തെരഞ്ഞെടുത്ത മറ്റ്കോളനികളിലെ നിർമ്മാണങ്ങൾ പുരോഗമിക്കുകയാണെന്ന് എസ്.സി.ഡി.ഒ അറിയിച്ചു. ഇത് സംബന്ധിച്ച നിലവിലെ സ്ഥിതി റിപ്പോർട്ട്ചെയ്യേണ്ടതാണ്.

## പാർട്ട് IV

### മറ്റ് രജിസ്റ്ററുകൾ

### 1. ഡെസ്പാച്ച് കം സ്റ്റാമ്പ് അക്കൗണ്ട് രജിസ്റ്റർ

പരിശോധനാസമയത്ത് (29-06-2018) 570/- രൂപയുടെ സ്റ്റാമ്പ് ബാലൻസ് ഉണ്ടാടിരുന്നു.ഇത് പരിശോധിച്ച് ബോധ്യപ്പെട്ടു. മാസംന്തോറും ഫിസിക്കൽ വേരിഫിക്കേഷനും. ദ്വൈവാര ഭൗതിക പരിശോധനയും നടത്തുന്നതായി കാണുന്നില്ല .ഗവ.സർക്കുലർ നം.43/88/ഫിൻ തീയതി 03/06/1988 പ്രകാരം ദ്വൈവാരവും, മാസംന്തോറും ഭൗതിക പരിശോധന നടത്തി സാക്ഷ്യപ്പെടുത്തൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.ന്യൂനത പരിഹരിച്ചറിയിക്കേണ്ടതാണ്.

### 2.ഫർണിച്ചർ രജിസ്റ്റർ.

വളരെ പഴക്കംചെന്ന ഫർണിച്ചർ രജിസ്റ്റർ ആണ് ഈ ഓഫീസിൽ പരിപാലിച്ചുവരുന്നത്. ഈ രജിസ്റ്റർ കാലപ്പഴക്കംകൊണ്ട് ജീർണിച്ചതാണ്.ഇലക്ട്രോണിക് ഉപകരണങ്ങൾക്ക് പ്രത്യേക രജിസ്റ്റർ പരിപാലിക്കുന്നില്ല.രേഖപ്പെടുത്തലുകൾ തീയതിവച്ച് എഴുതി സൂക്ഷി

ക്കുന്നുണ്ടെങ്കിലും വാർഷിക പരിശോധനടത്തുന്നില്ല. Articles 153&158 of KFC Vol.I നിർദ്ദേശങ്ങൾക്കനുസൃതമായി സ്റ്റോക്ക്/ഫർണിച്ചർ രജിസ്റ്റർ പരിപാലിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**3 പേ ബിൽ രജിസ്റ്റർ.**

രജിസ്റ്റർ പരിപാലിക്കുന്നുണ്ട്.ജീവനക്കാരുടെ PEN നമ്പർ,SLI,GIS,GPF,LIC ഉൾപ്പെടെ യുള്ള എല്ലാവിവരങ്ങളും വ്യക്തമായി രേഖപ്പെടുത്തി രജിസ്റ്റർ പരിപാലിക്കേണ്ടതാണ്.

**4 കണ്ടിജന്റ് രജിസ്റ്റർ.**

രജിസ്റ്റർ നല്ലനിലയിൽ പരിപാലിക്കുന്നുണ്ട്.സാമ്പത്തിക വർഷാവസാനം വിവിധ ശീർഷ കങ്ങളിലെ ചെലവുകൾ സംബന്ധിച്ച സംക്ഷിപ്തം രേഖപ്പെടുത്തി സൂക്ഷിക്കാൻ നിർദ്ദേശിക്കുന്നു.മറ്റ് പരാമർശമില്ല.

**5 ഇൻകംബന്റ് രജിസ്റ്റർ.**

രജിസ്റ്റർ പരിപാലിക്കുന്നില്ല. ഇൻകംബന്റ് രജിസ്റ്റർ പരിപാലിച്ച് ജീവനക്കാരുടെ വിവര ങ്ങൾ രേഖപ്പെടുത്തിസൂക്ഷിക്കാൻ നിർദ്ദേശിക്കുന്നു.

**6 ഹാജർ പുസ്തകം.**

എല്ലാ വിഭാഗം ജീവനക്കാരുടേയും( പ്രമോട്ടർമാർ ഉൾപ്പെടെ) അറ്റൻഡൻസ് രജിസ്റ്റർ തൃപ്തികരമായി പരിപാലിക്കുന്നുണ്ട്.

**7 ആസ്തി രജിസ്റ്റർ.**

ആസ്തി രജിസ്റ്റർ പരിപാലിക്കുന്നില്ല.വകുപ്പിന്റെ വിവിധ പദ്ധതികൾ പ്രകാരം ഗുണഭോ ക്താക്കൾക്ക് നൽകിയ സ്ഥലങ്ങളിൽ ചിലത് (ഉടമസ്ഥത ഇല്ലാതെ) പലബ്ലോക്കുകളിലും ഉള്ളതായി അറിയുന്നു.കൂടാതെ നേഴ്സറി സ്കൂൾ,ഹോസ്റ്റലുകൾ,വകുപ്പിന്റെ ഫണ്ടുപ യോഗിച്ചുനിർമ്മിച്ച കമ്മ്യൂണിറ്റി ഹാൾ,മറ്റ് നിർമ്മാണങ്ങൾ എന്നിവയും ഇവ സ്ഥിതിചെയ്യുന്ന സ്ഥലങ്ങളും സ്ഥാപനങ്ങളും വകുപ്പിന്റെ ഉടമസ്ഥതയിൽ ഉണ്ട്.ടി ബ്ലോക്കിൽ –ഇത്തരത്തിലുള്ള സ്ഥലങ്ങൾ/സ്ഥാപനങ്ങൾ ഉണ്ടെങ്കിൽ അവ കണ്ടെത്തി രജിസ്റ്ററിൽ ചേർത്ത് ആസ്തി രജിസ്റ്റർ പരിപാലിക്കേണ്ടതാണ്

**8 ആഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ.**

KFC Vol. I –ART-63 പ്രകാരമുള്ള ആഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ പരിപാലിക്കാൻ നിർദ്ദേശമുണ്ട്.എന്നാൽ ഈഓഫീസിൽ ഇപ്രകാരമുള്ള രജിസ്റ്റർ പരിപാലിക്കുന്നില്ല. ഓരോ കലണ്ടർ വർഷത്തിലും ലഭിക്കുന്ന ആഡിറ്റ് ഒബ്ജക്ഷനുകൾ രജിസ്റ്റർ പരിപാലിച്ച് രേഖപ്പെടുത്തിസൂക്ഷിക്കാൻ നിർദ്ദേശിക്കുന്നു.

9 **5.SC പ്രമോട്ടേഴ്സിന്റെ വർക്ക്ഡയറി.**

.സ.ഉ(അച്ചടി) 86/2010 തീയതി.28/07/2010 പ്രകാരം SC പ്രമോട്ടേഴ് വർക്ക്ഡയറി നിശ്ചിത മാതൃകയിൽ എഴുതിസൂക്ഷിക്കേണ്ടതാണ്. വർക്ക്ഡയറി വെള്ള പേപ്പറിൽ എഴുതിസൂക്ഷിക്കുന്ന രീതി പ്രോൽസാഹിപ്പിക്കരുത്. മറ്റ് പരാമർശങ്ങൾ ഇല്ല.

10 **C.R.D.R**

24-10-2011 ന് ശേഷം സി.ആർ.ഡി.ആർ പരിപാലിക്കുന്നില്ല.

11 **6.സർവ്വീസ് ബുക്കും, സർവ്വീസ് ബുക്ക്രജിസ്റ്ററും.**

1.പ്രീ മെട്രിക് ഹോസ്റ്റലിലെ വാർഡൻ,കുക്കുമാർ(2),വാച്ച്മാൻ,പി.ടി.എസ്, എസ്,സി, ഡി,ഒ യിലെ ക്ലാർക്ക്,ഒ.എ എന്നീ 7 ജീവനക്കാരുടെ സേവനപുസ്തകങ്ങൾ പരിശോധനാവിധേയമാക്കി. ജീവനക്കാരുടെ ലീവ് അക്കൗണ്ടുകൾ Up date ചെയ്യേണ്ടതാണ് എസ്.ബി കളുടെ പരിപാലനത്തിൽ എടുത്തുപറയത്തക്കമറ്റ് പരാമർശങ്ങൾ ഇല്ല.

2.സർവ്വീസ് ബുക്ക്രജിസ്റ്റർ പരിപാലിക്കുന്നില്ല. .ന്യൂനതകൾ പരിഹരിക്കേണ്ടതും നിർദ്ദേശങ്ങൾപാലിക്കേണ്ടതുമാണ്.

**പൊതു അഭിപ്രായം**

ഓഫീസ് അന്തരീക്ഷം പൊതുവെ സമാധാനപരമായിതോന്നുന്നു.ബ്ലോക്ക്പഞ്ചായത്ത് ,ജനപ്രതിനിധികൾ,ഗുണഭോക്താക്കൾ എന്നിവരുമായി നല്ലബന്ധം പുലർത്തുന്നതായി കാണുന്നു. ഓഫീസ് രേഖകൾ സൂക്ഷിക്കുന്നതിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടിയിരിക്കുന്നു.വർഷാവസാനം വിവിധ പദ്ധതികളുടെ പുരോഗതിവിവരം ബന്ധപ്പെട്ട രജിസ്റ്ററുകളിൽ രേഖപ്പെടുത്തി സൂക്ഷിക്കാൻ നിർദ്ദേശിക്കുന്നു.പൊതുവിൽ ഓഫീസ് പ്രവർത്തനം തൃപ്തികരമാണ്.

റിപ്പോർട്ട് അംഗീകാരത്തിന് സമർപ്പിക്കുന്നു.

07/12/2018

കെ.കെ.പ്രസാദ്.

സീനിയർസൂപ്രണ്ട്,ഫിൻ.ഇ ഓഡിറ്റ്.

22/12/18

Sr FO, SWD